



• കവർസ്റ്റോറി

# കീഴടങ്ങലിന്റെ മാർക്സിസ്റ്റ് രസതന്ത്രം

എ.ആർ

**മുഖ്യമന്ത്രിയും** ബന്ധപ്പെട്ട മന്ത്രിമാരും എ.ഡി.ബി വായ്പ സംബന്ധിച്ച വിഷയത്തിൽ കൂട്ടായ ധാരണയില്ലാതെ നടത്തിയ പരസ്യപ്രസ്താവനകൾ ആശയക്കുഴപ്പം ഉണ്ടാക്കിയെന്നും അവ ഇനി ആവർത്തിക്കാൻ പാടില്ലെന്നും സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് പത്രസമ്മേളനത്തിൽ പറഞ്ഞു. പരസ്പരവിരുദ്ധമായും കൂട്ടായ ധാരണയില്ലാതെയും ഉണ്ടായ പരസ്യപ്രസ്താവനകളുടെ ഉത്തരവാദികളാരാണെന്ന് പോളിറ്റ് ബ്യൂറോ കണ്ടെത്തിയിട്ടുണ്ട്. ഈ കാര്യം അവരെ അറിയിക്കുകയും ചെയ്തു. സംഘടനാപരമായ ഇത്തരം നടപടികൾ സെക്രട്ടേറിയറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും കാരാട്ട് അറിയിച്ചു. എന്നാൽ എ.ഡി.ബിയുമായുള്ള പ്രോജക്റ്റ് കരാർ ഒപ്പിടുന്നത് സംബന്ധിച്ച ഭരണപരമായ നടപടിക്രമങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. അത് മന്ത്രിസഭ അടക്കമുള്ള പ്രധാന വേദികളിൽ ചർച്ച ചെയ്യേണ്ടതായിരുന്നു. അതുണ്ടായില്ല. മന്ത്രിസഭയിൽ ചർച്ച ചെയ്യാതെയും താൻ അറിയാതെയുമാണ് കരാർ ഒപ്പിട്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞത് ശരിയാണെന്നും പ്രകാശ് കാരാട്ട് പറഞ്ഞു" (*മാതൃഭൂമി* 2007 ജനുവരി 12- 'പരസ്യശാസന' എന്ന തലക്കെട്ടിലെ പ്രധാന വാർത്തയിൽനിന്ന്).

തിരുവനന്തപുരത്ത് സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ സാന്നിധ്യത്തിൽ ചേർന്ന സംസ്ഥാന കമ്മിറ്റി യോഗത്തിനു ശേഷം അദ്ദേഹം വാർത്താ സമ്മേളനത്തിൽ നൽകിയ പ്രസ്താവനയാണ് മുകളിൽ ഉദ്ധരിച്ചത്. ഇതേ വരെ സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ആവർത്തിച്ചുകൊണ്ടിരുന്ന ഒരു വാദഗതിയെ പാടേ നിരാകരിക്കുന്നത് എന്ന നിലയിലാണ് പ്രകാശ് കാരാട്ടിന്റെ വെളിപ്പെടുത്തൽ ഏറെ ശ്രദ്ധേയമാവുന്നത്. സി.പി.എമ്മിൽ ചേരിപ്പോരോ വിഭാഗീയതയോ ഇല്ലെന്നും എല്ലാം പാർട്ടിയെ തകർക്കാൻ മിനക്കെട്ടിറങ്ങിയ മാധ്യമസിണ്ടിക്കേറ്റിന്റെ സൃഷ്ടിയാണെന്നും നിരന്തരം കുറ്റപ്പെടുത്തിവരികയായിരുന്നല്ലോ അദ്ദേഹം. മാധ്യമസിണ്ടിക്കേറ്റ് എന്ന് പിണറായിയും അദ്ദേഹത്തിന്റെ പക്ഷക്കാരും പേരിട്ട് വിളിച്ചവർക്ക് വാർത്തകൾ ചോർത്തിക്കൊടുത്തതിന്റെ പേരിൽ വി.എസ് അച്യുതാനന്ദന്റെ പേഴ്സണൽ സ്റ്റാഫിൽപെട്ട ഷാജഹാൻ അടക്കമുള്ളവരെ പുറത്താക്കാനും പാർട്ടി നേതൃത്വം തയാറായിരുന്നു. അതേസമയം പാർട്ടിയിൽ നേരത്തേ ആരംഭിച്ചതും മലപ്പുറത്ത് ചേർന്ന സംസ്ഥാന സമ്മേളനത്തോടെ മൂർഛിച്ചതുമായ വിഭാഗീയത പലതവണ പോളിറ്റ് ബ്യൂറോ ഇടപെട്ടശേഷവും മാറ്റമില്ലാതെ തുടരുന്നു എന്ന് മാത്രമല്ല രൂക്ഷതരമാവുക കൂടി ചെയ്യുന്നു എന്നാണ് ഇടതുമുന്നണി ഭരണത്തിന്റെ ഏഴു മാസത്തെ ഭരണാനുഭവത്തിനു ശേഷവും അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന വസ്തുത. മാധ്യമങ്ങളിൽ പലതും സി.പി.എമ്മിനോടാഭിമുഖ്യമില്ലാത്തവയോ വിരോധം വെച്ചുപുലർത്തുന്നവയോ തന്നെയാവാം. ചാനലുകളും അച്ചടിമാധ്യമങ്ങളും സി.പി.എമ്മിന്റെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ച് പുറത്തറിയിക്കുന്ന പലതും സത്യമാവണമെന്നുമില്ല. ചോർച്ചക്കുള്ള പഴുതുകൾ പരമാവധി അടച്ച് സ്വകാര്യത ജാഗ്രതയോടെ സൂക്ഷിക്കുന്ന ഒരു കേഡർ പാർട്ടിയിൽ

**കാൾ മാർക്സും ഫ്രെഡറിക് എംഗൽസും ചേർന്ന് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പുറത്തിറക്കിയ കാലത്ത് നഷ്ടപ്പെടാൻ അടിമത്തച്ചങ്ങലകളല്ലാതെ ഒന്നുമില്ലാതിരുന്ന തൊഴിലാളി വർഗത്തിന് ഇന്ന് നഷ്ടപ്പെടാൻ കൊട്ടാരങ്ങളും ശീതീകൃത ഓഫീസുകളും ബാങ്ക് ബാലൻസും വേറെ പലതും ഉണ്ടെന്നിരിക്കെ, കമീഷനും കോഴയും സമ്മാനിക്കുന്ന സൗകര്യങ്ങൾ കൂടിയാണ് വായ്പകൾ സ്വീകരിക്കുന്നതിലെയും കുത്തകകൾക്ക് ചുവപ്പു പരവതാനികൾ വിരിക്കുന്നതിലെയും പിന്നിലെ രസതന്ത്രമെന്ന അണികളുടെ വിശ്വാസം അസ്വസ്ഥതകൾക്ക് ആക്കംകൂട്ടുന്നു.**

നിന്ന് വാർത്തകൾ ചോർന്നു കിട്ടുക ഏറെ പ്രയാസകരമാണ്. എന്നിരിക്കെ കേവലം പത്രപ്രവർത്തനപരമായ ഔത്സുക്യത്തിന്റെ പേരിൽ വാർത്തകൾ തേടിപ്പിടിക്കുന്നവർക്ക് ലഭിക്കുന്ന വാർത്തകളത്രയും ശരിയാവണമെന്ന് ഒരു നിർബന്ധവുമില്ല. ഇത്രയൊക്കെ സമ്മതിച്ചുകൊടുത്താലും ഒരു ഘട്ടത്തിൽ പിണറായി രോഷാകുലനായി പ്രതികരിച്ചപോലെ 'ഒരു ചുക്കും അറിയാതെയല്ല' മാധ്യമങ്ങൾ സി.പി.എമ്മിലെ വിഭാഗീയതയും അഭിപ്രായ ഭിന്നതകളും പുറത്തുകൊണ്ടുവന്നത് എന്നതിന് പ്രകാശ് കാരാട്ടിന്റെ ഒടുവിലത്തെ പ്രസ്താവന അടിവരയിടുന്നു. അല്ലെങ്കിലും അഞ്ചു വർഷത്തെ യു.ഡി.എഫ് ഭരണത്തെ നിർദാക്ഷിണ്യം കുറ്റവിചാരണ ചെയ്ത്, പരാജയങ്ങളുടെ പട്ടിക നിരത്തി സംസ്ഥാനത്തെ ജനാഭിപ്രായം വലതുമുന്നണിക്കെതിരായും ഇടതുമുന്നണിക്കനുകൂലമായും സംഘടിപ്പിക്കുക വഴി എൽ.ഡി.എഫിനെ അധികാരത്തിലെത്തിക്കുന്നതിൽ അനിഷേധ്യ പങ്കുവഹിച്ച അതേ മാധ്യമങ്ങൾ കേവലം ആറു മാസങ്ങൾക്കകം ഇടതിന്റെ ശത്രുക്കളും വലതിന്റെ കുഴലൂത്തുകാരുമായി എന്നാരോപിക്കുന്നത് ആരായിരുന്നാലും അവർ സത്യത്തിന്റെ കണ്ണാടി തല്ലിപ്പൊളിക്കുകയേ ചെയ്യുന്നുള്ളൂ. നേര് തങ്ങൾക്കനുകൂലമാവുമ്പോൾ ആഹ്ലാദിക്കുകയും പ്രതികൂലമാവുമ്പോൾ ഉറഞ്ഞുതുള്ളുകയും ചെയ്യുന്നതിലെ പരിഹാസ്യതയും ആർജവമില്ലായ്മയും സി.പി.എമ്മിലെ സുഹൃത്തുക്കൾ സ്വയം മനസ്സിലാക്കേണ്ടത് അവരുടെ തന്നെ താൽപര്യമാണ്.

**അഞ്ചു വർഷത്തെ യു.ഡി.എഫ് ഭരണത്തെ നിർദാക്ഷിണ്യം കുറ്റവിചാരണ ചെയ്ത്, പരാജയങ്ങളുടെ പട്ടിക നിരത്തി സംസ്ഥാനത്തെ ജനാഭിപ്രായം വലതുമുന്നണിക്കെതിരായും ഇടതുമുന്നണിക്കനുകൂലമായും സംഘടിപ്പിക്കുക വഴി എൽ.ഡി.എഫിനെ അധികാരത്തിലെത്തിക്കുന്നതിൽ അനിഷേധ്യ പങ്കുവഹിച്ച അതേ മാധ്യമങ്ങൾ കേവലം ആറു മാസങ്ങൾക്കകം ഇടതിന്റെ ശത്രുക്കളും വലതിന്റെ കുഴലൂത്തുകാരുമായി എന്നാരോപിക്കുന്നത് ആരായിരുന്നാലും അവർ സത്യത്തിന്റെ കണ്ണാടി തല്ലിപ്പൊളിക്കുകയേ ചെയ്യുന്നുള്ളൂ. നേര് തങ്ങൾക്കനുകൂലമാവുമ്പോൾ ആഹ്ലാദിക്കുകയും പ്രതികൂലമാവുമ്പോൾ ഉറഞ്ഞുതുള്ളുകയും ചെയ്യുന്നതിലെ പരിഹാസ്യതയും ആർജവമില്ലായ്മയും സി.പി.എമ്മിലെ സുഹൃത്തുക്കൾ സ്വയം മനസ്സിലാക്കേണ്ടത് അവരുടെ തന്നെ താൽപര്യമാണ്.**

യഥാർഥത്തിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? സോവിയറ്റ് യൂനിയന്റെയും പൂർവ യൂറോപ്യൻ കമ്യൂണിസ്റ്റ് രാജ്യങ്ങളുടെയും പതനത്തിനും ആഗോള കമ്യൂണിസത്തിനേറ്റ കനത്ത തിരിച്ചടിക്കും ശേഷം ലോകത്തെങ്ങുമുള്ള കമ്യൂണിസ്റ്റ് പാർട്ടികൾ പുനഃപരിശോധനക്കും അഴിച്ചുപണികൾക്കും തയാറായിട്ടുണ്ട്. നിലനിൽക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികളിൽ ഏറ്റവും ശക്തമായ ചൈനീസ് പാർട്ടിയടക്കം ഇതിനപവാദമല്ല. പ്രതിയോഗി ഇല്ലാതായ അമേരിക്കൻ സാമ്രാജ്യത്വം മുതലാളിത്ത അധിനിവേശത്തിന്റെ വർധിത ശൗര്യവുമായി ലോകത്തെയാകെ പിടിയിലൊതുക്കാൻ ശ്രമിക്കെ ധീരവും പ്രത്യാശാജനകവും ആത്മവിശ്വാസ പൂർവവുമായ ഒരു പ്രതിരോധത്തിനും ചെറുത്തുനിൽപിനും തയാറെടുക്കുന്നതിന് പകരം പൊരുത്തപ്പെടലിന്റെയും പരുവപ്പെടുത്തലിന്റെയും പലപ്പോഴും അടിയറവിന്റേതുമായ കീഴടങ്ങലാണ് കമ്യൂണിസ്റ്റ് രാജ്യങ്ങളും പാർട്ടികളും കാഴ്ചവെച്ചത്. ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടികൾക്കും മറിച്ചൊരു സമീപനം സ്വീകരിക്കാനായില്ല. മൂലധനശക്തികളുടെ തനിയജണ്ടകളായ ആഗോളീകരണവും ഉദാരീകരണവും സ്വകാര്യവത്കരണവും തികഞ്ഞ യാഥാർഥ്യങ്ങളായി അംഗീകരിച്ചു, സൈദ്ധാന്തിക ശാഠ്യങ്ങൾ പ്രത്യക്ഷത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ ഒത്തുതീർപ്പുകൾക്കേ ഇനിമേൽ പ്രായോഗികതയും സാധുതയുമുള്ളൂ എന്ന് ഭരിക്കുന്നവരോ ഭരിക്കാൻ കൊതിക്കുന്നവരോ ആയ കമ്യൂണിസ്റ്റ് പാർട്ടികൾ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. പാർട്ടി ഭരണത്തിലിരിക്കുന്ന പശ്ചിമ ബംഗാളിലും കേരളത്തിലും ഫണ്ടിംഗ് ഏജൻസികളെയും ബഹുരാഷ്ട്ര-സ്വദേശ കുത്തകകളെയും സുഖിപ്പിക്കുന്ന തീരുമാനങ്ങളും നടപടികളുമെടുക്കേണ്ടിവരുന്ന സാഹചര്യം ഇതാണ്. കേന്ദ്രം ഭരിക്കുന്ന ബൂർഷ്വാ കൂട്ടായ്മയെ പുറത്തുനിന്ന് പിന്താങ്ങുമ്പോൾ ഭരണകൂടത്തിന്റെ സാമ്രാജ്യത്വ ദാസ്യവേലയെ ഒരു പരിധിക്കപ്പുറം തള്ളിപ്പറയാൻ ഇടതുപക്ഷം തയാറാവാത്തതും ഫാഷിസ്റ്റ് സഖ്യത്തിന്റെ തിരിച്ചുവരവ് ഒഴിവാക്കാൻ വേണ്ടി മാത്രമല്ല, യാഥാർഥ്യബോധമെന്ന് അവകാശപ്പെടാവുന്ന പ്രായോഗികചിന്തയുടെ കൂടി പ്രേരണയാലാണ്. മൻമോഹൻ സിംഗ് സർക്കാർ സ്വീകരിക്കുന്ന ചരടുകളുള്ള സഹായങ്ങളുടെ വിഹിതം നിരാകരിക്കാൻ മാത്രം നെഞ്ചൂക്ക് കാട്ടാതിരിക്കുമ്പോൾ പ്രകടമാവുന്നതും ഈ ഒത്തുതീർപ്പു മനസ്സ്തന്നെ. നഗരവികസനത്തിന് കണിശമായ ഉപാധികളോടെ എ.ഡി.ബി ഓഫർ ചെയ്യുന്ന വായ്പ തന്റേടത്തോടെ നിരസിക്കാൻ സി.പി.എം ഭരിക്കുന്ന നഗരസഭകൾക്ക് ആരെയും ഭയക്കേണ്ടതില്ല. അത്തരം സഹായങ്ങൾ സ്വീകരിക്കാൻ ആരും നിർബന്ധിക്കുന്നുമില്ല. ചരടുകളില്ലാത്ത വായ്പകളും സ്വദേശികളിൽനിന്നുള്ള വിഭവസമാഹരണവും പഴുതുകളില്ലാത്ത നികുതിപിരിവും പാഴ്ച്ചെലവുകളുടെ ന്യൂനീകരണവും സർവോപരി അഴിമതി നിർമാർജനവും വഴി ഒരു പുത്തൻ വികസന സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനോ പ്രതീക്ഷിക്കാനോ ഇടതുപക്ഷത്തിന് സാധിക്കാതെ പോയതാണ് ഇപ്പോൾ രൂപപ്പെട്ട പ്രതിസന്ധിയുടെ നാരായ വേര്. അതിനാൽ പ്രതിപക്ഷത്തിരിക്കുമ്പോൾ രൂക്ഷമായെതിർത്തിരുന്നതൊക്കെയും ഓരോന്നോരോന്നായി ഏറ്റെടുക്കേണ്ടിവരുന്നു. എ.ഡി.ബി വായ്പകൾക്കെതിരെ പ്രക്ഷോഭം നടത്തി. അതേ വായ്പകൾ ഉപാധികൾ തിരുത്തിയിട്ടുണ്ടെന്ന മിഥ്യാ ധാരണ സൃഷ്ടിച്ച് നേടിയെടുക്കാൻ കൈ നീട്ടേണ്ടിവരികയാണിപ്പോൾ. എ.ഡി.ബി വായ്പകളിൽ അപകടങ്ങൾ പതിയിരിക്കുന്നു എന്നു മുഖ്യമന്ത്രി അച്യുതാനന്ദൻ പാർട്ടി യോഗങ്ങൾക്കു ശേഷവും തുറന്നടിച്ചിരിക്കുന്നു (*മാധ്യമം* 2007 ജനുവരി 15). എസ്.എൻ.സി ലാവ്‌ലിൻ ഇടപാടിൽ സി.ബി.ഐ അന്വേഷണത്തിന് ഉമ്മൻ ചാണ്ടി സർക്കാറിനെ വെല്ലുവിളിച്ചത് പഴയ കഥ; സി.ബി.ഐ അന്വേഷണം ആവശ്യമില്ലെന്ന ശാഠ്യം കോടതിയെ അറിയിക്കേണ്ടിവന്നത് പുതിയ വസ്തുതയും. സ്മാർട്ട് സിറ്റി പദ്ധതിക്കായി ദുബൈ കമ്പനിക്ക് ചുളുവിലയ്ക്ക് ഭൂമി കൈമാറാൻ മുൻ സർക്കാർ നടത്തിയ നീക്കം പരാജയപ്പെടുത്തിയത് ധീരമായ ഇടപെടൽ; ബംഗാളിൽ ടാറ്റക്ക് ആയിരം ഏക്കർ കൃഷിഭൂമി പതിച്ചുനൽകുന്നത് മാറിയ സാഹചര്യങ്ങളിലെ വികസന അജണ്ടയും.

ഈ വൈരുധ്യങ്ങൾ പക്ഷേ പാർട്ടിയിൽ എല്ലാവർക്കും ഒരുപോലെ ദഹിക്കുന്നില്ലെന്നതാണ് നിലവിലെ ഉൾപാർട്ടി പ്രതിസന്ധിക്ക് പിന്നിലെ മുഖ്യ ഹേതുക്കളിലൊന്ന്. മാറ്റങ്ങൾക്കും ഒത്തുതീർപ്പുകൾക്കും വ്യക്തിപരമോ സ്വകാര്യമോ

ആയ മാനങ്ങളില്ല, രാജ്യത്തിന്റെയും അധ്വാനിക്കുന്ന ജനസമൂഹത്തിന്റെയും താൽപര്യങ്ങൾക്കുവേണ്ടി അനിവാര്യമായി വരുന്ന പരുവപ്പെടുത്തലുകൾ മാത്രമാണവയെന്ന് അണികളെ ബോധ്യപ്പെടുത്തുന്നതിൽ സംഭവിക്കുന്ന പരാജയം പ്രതിസന്ധിക്ക് ആഴം കൂട്ടുകയും ചെയ്യുന്നു. കാൾ മാർക്സും ഫ്രെഡറിക് എംഗൽസും ചേർന്ന് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പുറത്തിറക്കിയ കാലത്ത് നഷ്ടപ്പെടാൻ അടിമത്തച്ചങ്ങലകളല്ലാതെ ഒന്നുമില്ലാതിരുന്ന തൊഴിലാളി വർഗത്തിന് ഇന്ന് നഷ്ടപ്പെടാൻ കൊട്ടാരങ്ങളും ശീതീകൃത ഓഫീസുകളും ബാങ്ക് ബാലൻസും വേറെ പലതും ഉണ്ടെന്നിരിക്കെ, കമീഷനും കോഴയും സമ്മാനിക്കുന്ന സൗകര്യങ്ങൾ കൂടിയാണ് വായ്പകൾ സ്വീകരിക്കുന്നതിലെയും കുത്തകകൾക്ക് ചുവപ്പു പരവതാനികൾ വിരിക്കുന്നതിലെയും പിന്നിലെ രസതന്ത്രമെന്ന അണികളുടെ വിശ്വാസം അസ്വസ്ഥതകൾക്ക് ആക്കംകൂട്ടുന്നു.

ഇതാണ് താരതമ്യേന സൈദ്ധാന്തിക വാശിക്കാരും വിട്ടുവീഴ്ചകളെ പരിധിക്കപ്പുറം പിന്തുണക്കാത്തവരും പാർട്ടിക്കുള്ളിൽ കലാപക്കൊടി ഉയർത്തുന്ന പരിസരം. ജനപക്ഷ മാധ്യമങ്ങൾക്ക്, തങ്ങളുടെ എല്ലാവിധ പരിമിതികളോടും കൂടിത്തന്നെ പാർട്ടിയിലെ ആഭ്യന്തര വൈരുധ്യങ്ങളിൽ തീരെ നിസ്സംഗത പുലർത്താൻ കഴിയാതെ പോവുന്ന സാഹചര്യവും ഇതുതന്നെ. യു.ഡി.എഫ് അഭൂതപൂർവമായ ഭൂരിപക്ഷത്തോടെ ഭരണത്തിലിരുന്ന അഞ്ചു വർഷവും പ്രതിപക്ഷ നായകസ്ഥാനത്തിരുന്ന് വി.എസ് അച്യുതാനന്ദൻ നയിച്ച പോരാട്ടങ്ങൾ പാർട്ടിക്ക് മുതൽക്കൂട്ടും പിന്നീട് വന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയത്തിന് മൂലധനവുമായി എന്ന് സമ്മതിക്കാമെങ്കിൽ, പാർട്ടിക്കുള്ളിലെ പോരാട്ടത്തിനൊടുവിൽ സ്ഥാനാർഥിയും മുഖ്യമന്ത്രിയുമായ അദ്ദേഹത്തിന്റെ പിൽക്കാല മനോനില വായിച്ചെടുക്കാൻ പ്രയാസപ്പെടേണ്ടതില്ല. താൻ ഏതെല്ലാം തത്ത്വങ്ങൾക്കായി പൊരുതിയോ അവയൊക്കെയും ഒന്നൊന്നായി ബലികഴിക്കേണ്ടി വരുന്നതിന്റെ അന്തഃസംഘർഷം പാർട്ടി അച്ചടക്കത്തിന്റെ ലക്ഷ്മണരേഖ അതിലംഘിക്കാൻ അദ്ദേഹത്തെ നിർബന്ധിക്കും. പാർട്ടിയിലെ പ്രബലരായ പ്രതിയോഗികൾ തന്നെ ഒതുക്കാനും ഒടുവിൽ വീഴ്ത്താനുമാണ് തുനിഞ്ഞിറങ്ങിയിരിക്കുന്നതെന്ന തോന്നൽ പാർട്ടി ചട്ടക്കൂടിന്റെ ബലിഷ്ടതയെ ചിലപ്പോൾ ഭേദിക്കാനും പ്രേരണയാവും. അന്നേരം പാർട്ടിയുടെ ചുക്കാൻ പിടിക്കുന്നവരുടെ കണ്ണുരുട്ടൽ അപ്രസക്തമോ അക്രമമോ ആണെന്നല്ല. പക്ഷേ, പാളിച്ചകൾ തന്റെ പക്ഷത്ത് മാത്രമല്ലെന്ന് ന്യായമായി ചൂണ്ടിക്കാട്ടാൻ അച്യുതാനന്ദന് അവസരം ലഭിക്കുന്നത് കാണാതിരുന്നുകൂടാ. ഒറ്റപ്പെടൽ ബോധം വേട്ടയാടുന്ന ആർക്കും പുറംലോകത്തെ പിന്തുണ ആശ്വാസകരമായി അനുഭവപ്പെടുന്നത് ഒരു സ്റ്റാലിനിസ്റ്റ് പാർട്ടിയുടെ കർക്കശ പാരമ്പര്യത്തിന് ചേർന്നതല്ലെന്നു വന്നാൽ തന്നെ, അത് ആൾദൈവവത്കരണമെന്ന് ആക്ഷേപിക്കപ്പെടാൻ മാത്രം ഗുരുതരമാണോ? ആണെങ്കിൽ തന്നെ കമ്യൂണിസ്റ്റ് വിപ്ലവത്തിന്റെ ഒന്നാം തീയതി മുതൽ ലംഘിക്കപ്പെട്ട ഒരു സങ്കൽപനത്തിന്റെ ബാക്കിപത്രമായല്ലേ അതിനെ കാണേണ്ടത്? "താരസങ്കൽപത്തിലും ആൾദൈവവത്കരണത്തിലുമുള്ളത് അസംബന്ധത്തോളമെത്തുന്ന അന്വേഷണരാഹിത്യമാണ്. സംഘടനയുടെ ന്യൂക്ലിയസ്സായി വളർന്ന 'വ്യക്തികൾ' സ്വന്തം ഉത്ഭവം മറക്കുമ്പോഴാണ് മറ്റുള്ളവർക്ക് 'ആൾദൈവമാക്കി' കെട്ടിയെഴുന്നള്ളിക്കാൻ പാകത്തിലുള്ള ഒരസംസ്കൃത പദാർഥമായി അവർ സ്വയം സങ്കോചിക്കുന്നത്" ('രാഷ്ട്രീയത്തിൽ ആൾദൈവങ്ങൾ ഉണ്ടാവുന്നത്'- കെ.ഇ.എൻ, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2007 ജനുവരി 14-20). കെ.ഇ.എൻ തന്നെ ഉദ്ധരിക്കുന്ന വി.ഐ ലെനിന്റെ വാചകങ്ങൾ പ്രഥമ കമ്യൂണിസ്റ്റ് വിപ്ലവത്തിന്റെ ആചാര്യൻ വിഗ്രഹവത്കരിക്കപ്പെട്ടതിന്റെ സാക്ഷ്യപത്രമാണ്: "ഞാൻ ഒരു വ്യക്തി എന്ന നിലയിൽ വളരെയേറെ പ്രശംസിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നുവെന്ന് വളരെ അസന്തുഷ്ടിയോടെ ഞാൻ കാണുന്നു." ലെനിൻ തിരുത്താൻ ശ്രമിച്ചെങ്കിലും അനുയായികൾ ജീവിച്ചിരിക്കുമ്പോൾ മാത്രമല്ല മരണാനന്തരവും അദ്ദേഹത്തെ ദൈവമാക്കിയതിന്റെ സ്മാരകമായിരുന്നു സോവിയറ്റ് യൂനിയന്റെ പതനം വരെ വൈരുധ്യാധിഷ്ഠിത ഭൗതികവാദികളുടെ തീർഥാടനകേന്ദ്രമായി തുടർന്ന ലെനിന്റെ ശവകുടീരം. കൊമ്പന്റെ പിറകെ മോഴയും എന്ന മട്ടിൽ ജോസഫ് സ്റ്റാലിനും ആൾദൈവമായി. 'വ്യക്തിപൂജക്കടിമപ്പെട്ടുപോയ സ്റ്റാലിന്റെ പോലും' എന്ന കെ.ഇ.എന്നിന്റെ പരാമർശം ഈ സത്യത്തിലേക്ക് വിരൽചൂണ്ടുന്നു. വടക്കൻ കൊറിയയുടെ കമ്യൂണിസ്റ്റ് സർവാധിപതിയായിരുന്ന കിം ഇൽസൂങ്ങിന്റെ ദിവ്യത്വഭ്രമം സകല പരിധികളും അതിലംഘിച്ചു വെളിപാടുകളും സൂക്തങ്ങളുമായി മലയാളപത്രങ്ങളിൽ പോലും മുഴുപേജ് പരസ്യങ്ങളായി പുറത്തുവന്നുകൊണ്ടിരുന്ന കാലത്തും സി.പി.എം ഈ ആൾദൈവത്തിനെതിരെ വിരലനക്കിയ ചരിത്രം ഓർമയിലില്ല. ഫിദൽ കാസ്ട്രോ ഇന്നും ക്യൂബക്കാരുടെ ആൾദൈവമല്ലാതെ മറ്റാരുമല്ല. ഇ.എം.എസ്സും എ.കെ.ജിയും ഇഷ്ടപ്പെട്ടിരുന്നെങ്കിലും ഇല്ലെങ്കിലും മാർക്സിസ്റ്റുകാരുടെ ആൾദൈവങ്ങൾ തന്നെയായിരുന്നല്ലോ. ഏറ്റവും ഒടുവിൽ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഉത്തരദേശം മുതൽ അനന്തപുരി വരെ സി.പി.എം സെക്രട്ടറി പിണറായി വിജയൻ നടത്തിയ യാത്രാ വേളയിലാകെ നിറഞ്ഞുനിന്നത് പിണറായിയുടെ കട്ടൗട്ടുകൾ! ഇതെന്തു കഥ എന്ന് ചോദിച്ചവർക്ക് കിട്ടിയ മറുപടി കാലം മാറിയെന്നും.

പറഞ്ഞുവരുന്നത് വി.എസ് അച്യുതാനന്ദന് അപ്രമാദിത്വമുണ്ട് എന്നല്ല; അദ്ദേഹം പാർട്ടി അച്ചടക്കത്തിന് അതീതനാണ് എന്നുമല്ല. 'മാധ്യമങ്ങൾ' കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാൻ പാർട്ടിക്കകത്തു തന്നെ ആൾദൈവത്തെ വളർത്തുകയും ദൈവം ആ കെണിയിൽ വീണുപോവുകയും ചെയ്യുന്നു എന്ന രോദനത്തിന്റെ മറുവശം ഓർമിപ്പിക്കുക മാത്രമാണ്. എ.ഡി.ബി വായ്പ, കരിമണൽ ഖനനം, സ്മാർട്ട് സിറ്റി, എക്സ്പ്രസ് വേ, ആദിവാസി ഭൂമികൊള്ള, ടാറ്റായുടെ വനഭൂമി കൈയേറ്റം, പെൺവാണിഭം തുടങ്ങിയ പ്രശ്നങ്ങൾ കത്തിനിന്നപ്പോൾ ജനപക്ഷത്തുനിന്ന അച്യുതാനന്ദനെ വലിയൊരു വിഭാഗം കേരളീയർ പോരാട്ടത്തിന്റെ പ്രതീകമായി കണ്ടു. അത് അദ്ദേഹത്തിന് മാത്രമല്ല പാർട്ടിക്കും മുതൽക്കൂട്ടായി. നിയമസഭാ തെരഞ്ഞെടുപ്പിൽ ഇതേ വിഷയങ്ങളെ മുൻനിർത്തി ജനം യു.ഡി.എഫിനെ തോൽപിച്ചു; വി.എസ്സിന്റെ നേതൃത്വത്തിൽ റെക്കോർഡ് ഭൂരിപക്ഷത്തോടെ ഇടതുമുന്നണിയെ അധികാരത്തിലേറ്റി. പക്ഷേ പാർട്ടിയുടെ കടിഞ്ഞാൺ പിടിയിലൊതുക്കിയ വിഭാഗം അദ്ദേഹത്തോട് പൊറുത്തില്ല. കീഴടങ്ങാൻ അദ്ദേഹവും തയാറായില്ല. അങ്ങനെ മൂർഛിച്ച വിഭാഗീയത പോളിറ്റ് ബ്യൂറോയുടെ പിടിയിൽനിന്നുപോലും കുതറാൻ മാത്രം മൂർഛിച്ചിരിക്കുന്നു. ഇത് നിശ്ചയമായും ഭരണത്തിന്റെ വേഗത്തെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. വലതുമുന്നണി അജണ്ട പുറംതോടിന്റെ മാത്രം മാറ്റത്തോടെ ഇടതുമുന്നണി നടപ്പാക്കുന്നതിൽ ജനങ്ങൾക്ക് എതിർപ്പുമുണ്ട്. ആ എതിർപ്പ് മാധ്യമസൃഷ്ടിയോ ഗൂഢാലോചനയോ ആയി സങ്കോചിച്ചാൽ തിരിച്ചടി അപ്രതീക്ഷിതമല്ല. ജനങ്ങളെ സംബന്ധിച്ചേടത്തോളം പിണറായിയോ അച്യുതാനന്ദനോ കരുണാകരനോ ആന്റണിയോ ആരാവട്ടെ ആൾദൈവങ്ങളല്ല, ആൾരൂപങ്ങൾ മാത്രമാണ്. നല്ലതും വേണ്ടതും ചെയ്താൽ അവരോടൊപ്പം നിൽക്കും; ഇല്ലെങ്കിൽ ആരെയും ഇരുത്തേണ്ടിടത്തിരുത്താനും തങ്ങൾക്കറിയാമെന്ന് അവർ തെളിയിച്ചിട്ടുണ്ട്. ■